DESPATCHED On. 31/01/2020



07/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ AP No.248(4)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.1673/എസ്.ഐ.സി–ജി 2/2015

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. അശോകൻ.എ.കെ.നഗർ,
എ.കെ.നിവാസ്,
മുളവന, കുന്നുകുഴി പി.ഒ,
തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   പട്ടികജാതി വികസന ഓഫീസർ,
   തിരുവനന്തപുരം നഗരസഭ.

2. അപ്പീൽ അധികാരി ,
   പട്ടികജാതി വികസന ഓഫീസ്,
   നഗരസഭ കാര്യാലയം,
   തിരുവനന്തപുരം–695 033.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 15.10.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 12.11.2014 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 28.11.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | Nil |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02.02.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 02.02.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ജനകീയാസൂത്രണം 2013–2014 പദ്ധതിയിൽ പൂജപ്പുര, തുരുത്തുമല, ശംഖുമുഖം എന്നീ വാർഡുകളിലെ ഭൂരഹിത ധന സഹായം ലഭ്യമായവരുടെ ജാതി സർട്ടിഫിക്കറ്റ് അടക്കമുള്ള വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 07.01.2020 ൽ കമ്മീഷൻ ആസ്ഥാനത്ത് ഹിയറിങ്ങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. അപ്പീൽ ഹർജിക്കാരൻ ഇത്തരത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം ധനസഹായം ലഭിച്ച ആളുകളുടെ (പ്രത്യകിച്ച് സ്ത്രീകളായ ഗുണഭോക്താക്കളുടെ) ജാതി സർട്ടിഫിക്കറ്റും, വ്യക്തിഗത വിവരങ്ങളും തേടുന്നത് സ്ഥിരം പരിപാടിയാണെന്ന് ഒന്നാം എതിർകക്ഷി ഹിയറിങ്ങിൽ പറഞ്ഞു. നേരത്തെ ബഹു. വിവരാവകാശ കമ്മീഷണർ ശ്രീ. എസ്. സോമനാഥൻ പിള്ള 18.07.2018 ൽ തീർപ്പു കൽപ്പിച്ച എ.പി. 1353(3)/2017/എസ്.ഐ.സി എന്ന ഫയലിലെ ഉത്തരവിന് ആധാരവും സമാനമായ ചോദ്യങ്ങൾ ആയിരുന്നുവെന്ന് ഒന്നാം എതിർകക്ഷി പറഞ്ഞു.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, കമ്മീഷൻ താഴെപറയുന്ന നിഗമനങ്ങളിൽ എത്തിച്ചേരുന്നു.

അപ്പീൽ ഹർജിക്കാരന്റെ 15.10.2014 ലെ വിവരാവകാശ അപേക്ഷയിലും, അപർണ എന്ന സ്ത്രീയുടെ ജാതി സർട്ടിഫിക്കറ്റും മറ്റ് വ്യക്തിഗത വിവരങ്ങളും അടങ്ങുന്ന കാര്യങ്ങൾ ആണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഈ കാര്യങ്ങൾ ആവശ്യപ്പെടുന്നതിന് പിന്നിൽ എന്തെങ്കിലും വിശാലമായ

പൊതു താൽപര്യം ഉണ്ടെന്ന് കമ്മീഷനെ ബോധ്യപ്പെടുത്താൻ അപ്പീൽ ഹർജിക്കാരന് കഴിഞ്ഞിട്ടില്ല. ദുർബല വിഭാഗത്തിൽപ്പെട്ട ഒരു വനിതയുടെ വ്യക്തിപരമായ വിവരങ്ങൾ മറ്റൊരാൾ ആവശ്യപ്പെടുന്നതും, ആയവ പരസ്യപ്പെടുത്തുന്നതും ദുരുപയോഗപ്പെടുത്താൻ സാധ്യതയുള്ളതാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. അതുകൊണ്ട് ഈ വിവരങ്ങൾ നൽകാൻ സമ്മതമല്ല എന്ന ശ്രീമതി അപർണയുടെ ആവശ്യപ്രകാരമാണ് ഇത് നൽകാതിരുന്നത് എന്ന ഒന്നാം എതിർകക്ഷിയുടെ മറുപടി കമ്മീഷൻ ശരിവയ്ക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 07.01.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

STATE INFORMATION COMMISSION THIRUVANANTHAPURAM

re

RIGHT TO INFORMATION